# ശരീരത്തിലെ ആധുനികത
# നാരായണഗുരുവിന്റെ ശരീരദർശനം

**സുനിൽ കുമാർ കെ. കെ.**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സി.സി.എസ്.ഐ.റ്റി., പുല്ലൂറ്റ്

'ശരീര'ത്തെ സംബന്ധിച്ചും സൈദ്ധാന്തിക'ശരീര'ത്തെ സംബന്ധിച്ചുമുള്ള നിരവധിയായ സൈദ്ധാന്തിക ആലോചനകൾ ഇന്ന് വളരെയേറെ നടക്കുന്നുണ്ട്. ഇത്തരം ചിന്തകളുടെയും പഠനങ്ങളുടെയും ഫലമായി ആധുനിക സാമൂഹ്യശാസ്ത്രപഠനങ്ങളുടെയും ചിന്തകളുടെയും അന്വേഷണ വിഷയങ്ങളിലൊന്നായി ഇന്ന് ശരീരം മാറിയിട്ടുണ്ട്. അധികാരവ്യവസ്ഥയുടെ ശാക്തിക പ്രയോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മണ്ഡലം എന്ന നിലയിലാണ് ശരീരത്തെക്കുറിച്ചുള്ള ആലോചനകൾ ഇന്ന് ഏറെ പ്രസക്തമാവുന്നത്.

ആധുനികതയുടെ വ്യാഖ്യാനയുക്തികളിൽ ലോകത്തെ മുഴുവൻ വിപരീത ദ്വന്ദ്വങ്ങളായാണ് വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ശരീരം/മനസ്സ്, കറുപ്പ്/വെളുപ്പ്, ആശയം/യാഥാർത്ഥ്യം, നന്മ/തിന്മ എന്നിങ്ങനെ ഒന്ന് മറ്റൊന്നിന്റെ വിപരീതവും വിരുദ്ധവുമായാണ് ആധുനിക ചിന്തയിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ശരീരവും മനസ്സും പരസ്പരവിപരീതങ്ങളല്ലെന്നും മനസ്സിനെപ്പോലെത്തന്നെ ശരീരവും പ്രവൃത്തിമണ്ഡലമാണെന്നും അംഗീകരിക്കപ്പെട്ടതോടുകൂടി ശരീരം സൃഷ്ട്യുന്മുഖമാണെന്ന് ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. അനുഭവത്തേക്കാൾ അറിവിനും ശരീരത്തെക്കാൾ മനസ്സിനുമുള്ള പ്രാമുഖ്യത്തെ ആധുനിക ജ്ഞാനപദ്ധതികൾ നിരാകരിക്കുന്നു. മനുഷ്യശരീരത്തെ വ്യത്യസ്ത രീതിയിൽ വിന്യസിച്ചും ഏകോപിപ്പിച്ചും ശ്രേണീകരിച്ചുമാണ് അധികാര വ്യവസ്ഥകൾ എക്കാലവും ഊട്ടിയുറപ്പിക്കപ്പെട്ടിട്ടുള്ളത്. പ്രപഞ്ചത്തെ നാം അനുഭവിക്കുന്നതും ഉൾക്കൊള്ളുന്നതുമെല്ലാം

ശരീരത്തിലൂടെയാണ്. ആ അനുഭവങ്ങളിൽ നിന്നാണ് ഭാഷയും ചിന്തയുമെല്ലാം ഉയിർക്കൊള്ളുന്നത്. ശരീരത്തിന്റെ സാന്നിദ്ധ്യം പലപ്പോഴും ജൈവ ശരീരം എന്ന മട്ടിലല്ല, മറിച്ച് അനുഭവം എന്ന നിലയ്ക്കാണ് പലപ്പോഴും തിരിച്ചറിയപ്പെടുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, അസാന്നിധ്യത്തിലൂടെയാണ് ശരീരം തന്റെ സാന്നിധ്യം സ്ഥാപിച്ചെടുക്കുന്നത്. 17-ാം നൂറ്റാണ്ടിലെ ഫ്രഞ്ച് ചിന്തകനായ റെനെ ദെക്കാർത്തിന്റെ സിദ്ധാന്തമനുസരിച്ച് 'കൊഗിറ്റോ' എന്ന 'ചിന്തിക്കുന്ന വ്യക്തി'യാണ് എല്ലാ അറിവിന്റെയും കേന്ദ്രം. ചിന്ത എന്നത് മനസ്സിന്റെ പ്രവൃത്തിയാണ്. ശരീരത്തിനാകട്ടെ, വസ്തു ശരീരം എന്നതിൽക്കവിഞ്ഞൊരു പ്രസക്തിയില്ല എന്ന് ദെക്കാർത്ത് വിശദീകരിക്കുന്നു.

ശരീരം എങ്ങനെയാണ് അധികാരം, പ്രത്യയശാസ്ത്രം, കർതൃത്വം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്ന് വിക്ടർ ടേർണർ വ്യക്തമാക്കുന്നുണ്ട്. ടേർണറുടെ നിരീക്ഷണങ്ങൾ ശരീരത്തെക്കുറിച്ചുള്ള സങ്കല്പനങ്ങൾക്കും സൈദ്ധാന്തിക പഠനങ്ങൾക്കും പുതിയ ദിശാബോധം നല്കുന്നുണ്ട്. സ്ഥൂലശരീരവും സൂക്ഷ്മശരീരവും, മനുഷ്യന്റെ നിരവധിയായ സാമൂഹ്യ ഇടപെടലുകളെയും പ്രവർത്തനങ്ങളെയും പ്രതിപ്രവർത്തനങ്ങളെയും സാധ്യമാക്കുന്നതെങ്ങിനെയെന്ന് സാമൂഹ്യ സന്ദർഭങ്ങളെ വിശദീകരിച്ചു കൊണ്ട് അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഫൂക്കോവിയൻ സങ്കല്പമനുസരിച്ച് ജ്ഞാനത്തെ സാധ്യമാക്കുന്ന നിയാമകങ്ങളുടെ മണ്ഡലം എന്ന നിലയിൽ ശരീരം ഒരു വ്യവഹാരമാകുന്നു. ജ്ഞാനരൂപമെന്ന നിലയിൽ അധികാരത്തിന്റെ എണ്ണമറ്റ പ്രയോഗങ്ങളെയാണ് അത് സാധ്യമാക്കുന്നത്. അധികാരവും ശരീരവും തമ്മിലുള്ള ബന്ധം വിശദീകരിക്കുമ്പോൾ 'അനുസരണയുള്ള ശരീരം' എന്നൊരു പരികല്പന, ഫൂക്കോ ഉപയോഗിക്കുന്നുണ്ട്. മുകളിൽനിന്നു താഴോട്ട് പ്രയോഗിക്കുന്ന എന്ന കാഴ്ചപ്പാടിനു പകരം തിരശ്ചീനമായി പ്രവർത്തിക്കുന്ന ഒന്നായാണ് ഫൂക്കോ അധികാരത്തെ കാണുന്നത്.

ശരീരത്തിന് അടിസ്ഥാനപരവും മൗലികവുമായി രണ്ട് മാനങ്ങളുണ്ട്;ജീവശാസ്ത്രപരവും സാംസ്കാരികവും. ജീവശാസ്ത്ര ശരീരം നിയതമായ സവിശേഷതകളാൽ ഉറപ്പിക്കപ്പെട്ടതാണ്. മെല്ലെമെല്ലെയാണത് മാറ്റങ്ങൾക്കു വിധേയമാവുക. സാമൂഹ്യശരീരമാകട്ടെ, എല്ലായ്പ്പോഴും മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കും. സാമൂഹ്യ ഇടപെടലുകളിലൂടെ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് സാമൂഹ്യശരീരം. അപൂർണ്ണശരീരങ്ങൾ പൂർണ്ണശരീരങ്ങളാക്കാൻ നടത്തുന്ന നിലയ്ക്കാത്ത പരിശ്രമങ്ങളാണ് സാമൂഹ്യശരീരത്തെ പരിവർത്തനോന്മുഖമാക്കുന്നത്. മെർലോ പോണ്ടിയുടെ

സങ്കല്പനപ്രകാരം 'ശരീരം' എന്നത് ജീവൽശരീരമാണ്. ശരീരത്തിന്റെ രോഗം, ജീവൻ എന്നിവയുടെ വ്യവഹാരങ്ങളിൽ ശരീരത്തിന്റെ വിവിധ തരം വിവക്ഷകൾക്ക് പങ്കുണ്ടെന്ന് മെർലോ പോണ്ടി, കരുതുന്നുണ്ട്. അവർ അതിനെ വിളിക്കുന്നത് ശരീരത്തിന്റെ 'പ്രകൃതം' എന്നാണ്. മനുഷ്യ ശരീരങ്ങളെയും അവയുടെ സ്ഥലകാല വിതരണത്തെയും ബന്ധങ്ങളെയും മുൻനിർത്തി പുനർനിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്ന സാമൂഹ്യമായ അസ്തിത്വത്തെ വ്യത്യസ്ത ഘടനാ തത്ത്വങ്ങളായാണ് അവർ വിശദീകരിക്കുന്നത്.

ശരീരത്തെക്കുറിച്ചുള്ള ആധുനികവും ധൈഷണികവുമായ ചിന്തകൾ ഇന്ത്യൻ സാമൂഹ്യാവസ്ഥയെക്കുറിച്ചും ജാതിവ്യവസ്ഥയെക്കുറിച്ചുമുള്ള ആലോചനകളിൽ പുതിയ കൈവഴികൾ തുറന്നു തരുന്നുണ്ട്. ഇന്ത്യൻ ജാതി വ്യവസ്ഥയുടെ അടിസ്ഥാനമായി സങ്കല്പിക്കപ്പെട്ടിട്ടുള്ളത് അസ്പൃശ്യതയാണ്. ശരീരത്തെപ്പറ്റിയുള്ള വിവിധതരത്തിലുള്ള അവബോധങ്ങളുടെ അടിത്തറയിലാണ് അസ്പൃശ്യതയുടെ വേരുകൾ നിലയുറപ്പിച്ചിട്ടുള്ളത്. മഹാത്മാ ഫൂലെയും അംബേദ്കറും ചരിത്രവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ ബ്രാഹ്മണിക്കൽ ജ്ഞാനവ്യവസ്ഥയെ വിമർശിക്കുകയാണ് ചെയ്തത്. മെർലോ പോണ്ടിയാകട്ടെ, പ്രാതിഭാസിക വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലാണ് ബ്രാഹ്മണിക്കൽ ജ്ഞാനവ്യവസ്ഥയെ വിമർശിക്കുന്നത്. ഇന്ത്യൻ ജാതിവ്യവസ്ഥയുടെ അടിസ്ഥാനമായ അസ്പൃശ്യത എന്ന സങ്കല്പം, ശരീര കേന്ദ്രിതമാണ്. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ആഭരണങ്ങൾ ധരിച്ചുകൂടായ്ക, വസ്ത്രം ധരിച്ചുകൂടായ്ക എന്നിങ്ങനെ ജാതിവ്യവസ്ഥയുടെ അധികാരരൂപങ്ങൾ അടിച്ചേൽപ്പിച്ച 'അരുതായ്ക' എല്ലാം ശരീരത്തെ കേന്ദ്രീകരിച്ചാണ് വ്യവസ്ഥാപിതമായത് സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ വിലക്കുകളെല്ലാം ശരീരത്തിന്റെ വ്യത്യസ്ത നിലകളിലുള്ള വിനിമയത്തെ അടിസ്ഥാനമാക്കിയാണ് ഉറപ്പിക്കപ്പെട്ടത്.

ശരീരത്തെ ഒരു ബിംബമോ രൂപകമോ ആക്കി പ്രതിഷ്ഠിച്ച് ശുദ്ധാശുദ്ധികളെ വേർതിരിക്കുന്ന സങ്കല്പമാണ് ആത്യന്തികമായി ജാതീയത. ആ വ്യവസ്ഥയുടെ ഇരകളായിത്തീർന്നവർക്ക് അവരുടെ ശരീരം തന്നെ ഒരു ബാദ്ധ്യതയും സാമൂഹ്യപ്രശ്നവുമായിത്തീരുന്നു എന്നത് ഇന്ത്യൻ ജാതി വ്യവസ്ഥയുടെ സവിശേഷതയാണ്. കീഴാളത്തമെന്നത് ഒരു സാമൂഹ്യശരീരമാണ്; ജൈവശരീരമല്ല. കീഴാളത്തം ഒരാൾ ആഗ്രഹിച്ചുണ്ടായതോ നേടിയെടുക്കുന്നതോ അല്ല, അതയാളിൽ അടിച്ചേൽപ്പിക്കപ്പെടുന്നതോ ആരോപിക്കപ്പെടുന്നതോ ആയ അവസ്ഥയാണ്. എന്നാൽ

കീഴാളത്തം എന്ന സാമൂഹ്യ ശരീരത്തോട് അയാൾ പ്രതികരിക്കുന്നത് തന്റെ ജൈവ ശരീരംകൊണ്ടാണ്. കീഴാളത്തം എന്ന അപൂർണ്ണശരീരം മനുഷ്യശരീരമാവാൻ നടത്തിയ നിരവധിയായ സാമൂഹ്യ ഇടപെടലു കളിലൂടെയാണ്, കീഴാളത്തമെന്ന സാമൂഹ്യശരീരം പരിവർത്തന വിധേയമായത്. കീഴാളന്റെ ശരീരംതന്നെ പ്രവൃത്തിമണ്ഡലമാണ്. ശരീരംകൊണ്ട് സാമൂഹ്യ പരിവർത്തനം സാധ്യമാകുമെന്ന് മാർക്സും അംബേദ്കറും ഫൂലെയും കരുതി.

ആധുനിക കേരളത്തിൽ ശരീരത്തെ തന്റെ പ്രവൃത്തിമണ്ഡലമായി കണക്കാക്കിയത് നാരായണ ഗുരുവായിരുന്നു. ശരീരത്തെ കർമ്മോത്സു കമാക്കുന്നതിലൂടെ, പുതിയ സാമൂഹ്യ ക്രമത്തെയും ദേശത്തെയും നിർമ്മി ക്കുന്നതിനായി നടത്തിയ രാഷ്ട്രീയ പ്രവർത്തനമായിരുന്നു ഗുരുവിന്റേത്. മനുഷ്യരായി വളരാതെ കേവലം ജാതിക്കൂട്ടങ്ങൾ മാത്രമായി ജീവിച്ച ശരീരങ്ങളായിരുന്ന കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടുവരെ ഉണ്ടാ യിരുന്നത്. കേരളം ആരുടേത് എന്ന ചോദ്യമാണ് ഗുരു ഉന്നയിച്ചത്. കേരളം എല്ലാ മനുഷ്യരുടേതുമാണ് എന്ന ഉത്തരമാണ് ഗുരുവിന്റേത്. കേരളീയ സാമൂഹ്യ ജീവിത പരിസരങ്ങളിൽ ഒരു നിർവ്വാഹകശേഷിയു മില്ലാതെ കേവലം നിഴലുകളായി വീണുകിടന്നിരുന്ന ജാതി ശരീരങ്ങളെ മനുഷ്യൻ എന്ന പരികല്പനകൊണ്ട് ഗുരു പുനർനിർവ്വചിച്ചു.

ആധുനികതയ്ക്കു മുമ്പ് കേരളത്തിലെ മുഴുവൻ മനുഷ്യരുടെയും ശരീരം ജാതിയാൽ അടയാളപ്പെടുത്തപ്പെട്ടിരുന്നു. "തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ" എന്നിങ്ങനെ ശരീരങ്ങളെ തീണ്ടാപ്പാടുകൾക്ക് അപ്പുറവും ഇപ്പുറവുമാക്കി വിഭജിച്ച് ശ്രേണീകരിക്കുകയും വർഗ്ഗീകരിക്കുകയും ചെയ്തു പോന്നു. ഒരർത്ഥത്തിൽ ശരീരം തന്നെയായിരുന്നു ജാതി. ഈ വർഗ്ഗീകരണ യുക്തികളെയാണ് ഗുരു നിരാകരിച്ചത്. അമൂർത്തമായ സങ്കല്പനങ്ങളിലല്ല, മൂർത്തമായ ഭൗതിക യുക്തിയിൽ ഉറപ്പിച്ചെടുത്തതാണ് ഗുരുവിന്റെ ജാതിസങ്കല്പം. 'ജാതി നിർണ്ണയം' എന്ന കൃതിയിൽ ഗുരു ജാതിയെ നിർവ്വചിക്കുന്നതു തന്നെ ശരീരത്തിന്റെ അടിസ്ഥാനത്തിലാണ് എന്നു കാണാം:

"മനുഷ്യാണാം മനുഷ്യത്വം
ജാതിർ ഗോത്വം ഗവം യഥാ
ന ബ്രാഹ്മണാദി രസ്യൈ വം
ഹാ! തത്ത്വം വേത്തി കോപിനാ: "

ഗുരുവിനെ സംബന്ധിച്ചിടത്തോളം മനുഷ്യന് ഒരൊറ്റ ജാതിയേയുള്ളു, അത് മനുഷ്യജാതിയാണ്. ഗോക്കൾക്ക് ഗോത്വം എപ്രകാരമാണോ

അതുപോലെ മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി. ഒരു ജീവശാസ്ത്രജ്ഞൻ പുലർത്തുന്ന അത്രയും സൂക്ഷ്മതയും കണിശതയും ഈ നിർവ്വചനത്തിൽ ഗുരു പുലർത്തുന്നുണ്ട്. ജീവശാസ്ത്രത്തിൽ ജീവനെ സസ്യങ്ങളും ജന്തുക്കളുമായി തരം തിരിക്കുന്നു. പിന്നീടവയെ ഫൈലങ്ങൾ, ക്ലാസ്സുകൾ, ഓർഡറുകൾ, ഫാമിലികൾ, ജനുസ്സുകൾ, സ്പീഷീസുകൾ എന്നിങ്ങനെയാണ് തരംതിരിക്കുന്നത്. ഈ തരംതിരിവുകളിൽ അവസാനത്തേതാണ് സ്പീഷീസ്. സ്പീഷീസിന്റെ പ്രത്യേക്ത, ഒരു സ്പീഷീസിലെ ആണും പെണ്ണും ഇണചേർന്ന് ആ സ്പീഷീസിലെ ഒരു കുഞ്ഞിനെ പ്രസവിക്കുന്നു. മനുഷ്യന്റെ സ്പീഷീസ് ഹോമോസാപ്പിയൻസ് സാപ്പിയെൻസ് എന്നതാണ്. പശുവിന്റേത് ബോസ് ടൗറസ്. പശുക്കൾ കറുത്തതും വെളുത്തതും പൊക്കം കൂടിയതും കുറഞ്ഞതുമുണ്ട്. അവയെല്ലാം ഒരേ സ്പീഷീസിന്റെ ഗുണം കാണിക്കുന്നു. അതുപോലെ മനുഷ്യരിലും കറുത്തവരും വെളുത്തവരും ഉയരം കൂടിയവരും കുറഞ്ഞവരുമുണ്ട്. ശരീരത്തിന്റെ ആകൃതി, ഒച്ച, മണം, കണ്ണ്, മുടി, കൈകാലുകൾ എന്നിവയെല്ലാം ഒരേപോലെയായതിനാൽ മനുഷ്യർ തമ്മിൽത്തമ്മിൽ വ്യത്യാസങ്ങളില്ല എന്നാണ് ജീവശാസ്ത്രം പറയുന്നത്. ഇതേ ശാസ്ത്രീയതയും കൃത്യതയും ഗുരുവിന്റെ വാക്കുകളിലും കാണാം. മനുഷ്യന് മനുഷ്യത്വമാണ് ജാതി; പശുവിന് പശുത്വം പോലെ. ശരീരത്തിന്റെ മൂർത്തമായ ഭൗതികതയിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടാണ്, ജാതീയതയെ മറികടക്കാൻ ഗുരു ശ്രമിച്ചത്.

'ജാതിനിർണ്ണയ'ത്തിൽത്തന്നെ മറ്റൊരു ഭാഗത്ത് ഗുരു ജാതിയെക്കുറിച്ച് പറയുന്നത് നോക്കു;

"ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്
ഒരു യോനി ഒരാകാരം
ഒരു ഭേദവുമില്ലതിൽ".

ഇവിടെ, മുമ്പുപറഞ്ഞ ആശയം ആവർത്തിച്ചതിനുശേഷം ഗുരു പറയുന്നതും ശരീരത്തിന്റെ മൂർത്തതയെയും ഭൗതികതയെയും കുറിച്ചാണ്. മനുഷ്യ ജാതിയിൽനിന്നും ജനിക്കുന്നവരെല്ലാം ഒരൊറ്റ ജാതിയാണ് എന്നദ്ദേഹം ജാതീയതയുടെ അതിർവരമ്പുകളെ ശരീരത്തിന്റെ ജീവശാസ്ത്രപരമായ സവിശേഷതകൊണ്ട് നിഷേധിക്കുന്നു. ജാതീയതയാൽ വിഭജിക്കപ്പെട്ട സാമൂഹ്യ ശരീരങ്ങളെ മനുഷ്യശരീരം എന്ന ജീവശാസ്ത്രപരമായ പൂർണ്ണശരീരത്തിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളായിരുന്നു ഗുരുവിന്റേത്.

"ഒരു ജാതിയിൽനിന്നല്ലോ
പുറന്നിടുന്നു സന്തതി
നരജാതിയിതോർക്കുമ്പോ-
ളൊരു ജാതിയിലുള്ളതാം
നരജാതിയിൽ നിന്നത്രേ
പുറന്നീടുന്നു വിപ്രനും
പറയൻ താനുമെന്നുള്ള-
തന്തരം നരജാതിയിൽ
പറച്ചിയിൽ നിന്ന് പണ്ടു പരാശരമഹാമുനി
പുറന്നു മറ സൂത്രിച്ച
മുനി കൈവർത്തകന്യയിൽ" *(ജാതിനിർണ്ണയം)*

എന്നിങ്ങനെ ജാതിഭേദം ജന്തുശാസ്ത്രപരമായിത്തന്നെ അടിസ്ഥാന രഹിതമെന്ന് വിശദീകരിക്കുന്ന നിരവധി വാക്യങ്ങൾ ഗുരുവിന്റേതായുണ്ട്. 'ജാതി ലക്ഷണം' എന്ന കൃതിയിൽ ശരീരത്തിന്റെ പ്രകൃതം കൊണ്ട് മനുഷ്യരെല്ലാം ഒറ്റ ജാതിയെന്ന് ഗുരു ആവർത്തിക്കുന്നു. 'പുണർന്നു പെറുമെല്ലാമൊരിനമാം' എന്ന് എഴുതുമ്പോൾ സാമൂഹ്യശരീരത്തെ അതിവർത്തിച്ചു നില്ക്കുന്ന ജൈവശരീരത്തെക്കുറിച്ചാണ് ഗുരു പറയുന്നത്.

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ മിശ്രവിവാഹവും മിശ്രഭോജനവും നടക്കുന്ന സന്ദർഭത്തിൽ തന്റെ അനുയായികൾക്കുണ്ടായ ആശയക്കുഴപ്പം തീർക്കുന്നതിനായി ഗുരു പുറപ്പെടുവിച്ച പ്രസ്താവനയിലും മനുഷ്യന്റെ സ്പീഷീസ് എന്ന നിലയ്ക്കുള്ള ശാരീരിക അസ്തിത്വത്തെക്കുറിച്ചാണ് ഗുരു പറയുന്നത്. അദ്ദേഹം എഴുതുന്നു: "മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങിനെയായിരുന്നാലും അവരുടെ ജാതി ഒന്നായതു കൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിൽ യാതൊരു ദോഷവുമില്ല". ഇവിടെ മിശ്രവിവാഹം, മിശ്രഭോജനം എന്നീ വാക്കുകൾപോലും ഗുരുവിന് അസ്വീകാര്യമാണ് എന്നത് ശ്രദ്ധേയമാണ്. ഒരേ സ്പീഷീസിൽപ്പെട്ടവർ, ഒരേ ശരീരമുള്ളവർ തമ്മിലാവുമ്പോൾ അതെങ്ങിനെ മിശ്രമാവും എന്നതാണ് ഗുരു ഉന്നയിക്കാൻ ശ്രമിച്ച ചോദ്യം.

"ദേഹം നിജമല്ല
ദേഹിയൊരുവനീ
ദേഹത്തിലുണ്ടറിഞ്ഞടുപാമ്പേ",

എന്ന് ഗുരു കുണ്ഡലിനിപ്പാട്ടിൽ എഴുതുന്നുണ്ട്. ഗുരുവിന്റെ കൃതികളിലുടനീളം ശരീരത്തിന്റെ ഭൗതികതയെ ഉറപ്പിക്കാനുള്ള ഇത്തരം ശ്രമങ്ങൾ

കാണാവുന്നതാണ്. കൃതികളിൽ മാത്രമല്ല, ഗുരുവിന്റെ സംഭാഷണങ്ങളിലും ഇതേ ആശയം പല മട്ടിൽ പ്രത്യക്ഷപ്പെടുന്നത് കാണാം. 1914-ൽ ആലുവയിൽ അദ്വൈതാശ്രമത്തിൽ വച്ച് വാഗ്ഭടാനന്ദനുമായുള്ള സംഭാഷണമധ്യേ, അദ്വൈതവും ക്ഷേത്രപ്രതിഷ്ഠയും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടുമെന്ന ചോദ്യത്തിന് ഗുരുവിന്റെ മറുപടി ഇതായിരുന്നു: "ജനങ്ങൾ സ്വൈര്യം തരണ്ടേ? അവർക്ക് ക്ഷേത്രം വേണം. പിന്നെ, കുറെ ശുചിത്വമെങ്കിലും ഉണ്ടാകുമല്ലോ എന്ന് നാമും വിചാരിച്ചു". ശുചിത്വം എന്നത് ശരീരത്തിന്റെ ഭൗതികതയാണ്. ശരീരത്തിന്റെ കീഴായ്മയെ ശുചിത്വംകൊണ്ട് മറികടക്കാനാവുമെന്ന് ഗുരു കരുതിയിരുന്നു. മറ്റൊരു സന്ദർഭത്തിൽ കുളിച്ച് ശുദ്ധമായി, വൃത്തിയുള്ള വസ്ത്രം ധരിച്ച കീഴാളർക്ക് ക്ഷേത്രപ്രവേശനത്തിന് അർഹതയുണ്ട് എന്നദ്ദേഹം ക്ഷേത്രം ഭാരവാഹികളോട് തർക്കിക്കുന്നുണ്ട്. ജാതിയെന്താണെന്ന് "കണ്ടാലറിയാത്തവർക്ക് കേട്ടാൽ എങ്ങിനെ മനസ്സിലാവും" എന്ന ചോദ്യരൂപേണയുള്ള മറുപടിയും സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത്, കാണുന്ന ജൈവശരീരമാണ്, അതിലാരോപിക്കപ്പെടുന്ന കീഴായ്മയല്ല പ്രധാനം എന്നതാണ്.

ശരീരംകൊണ്ട് അടയാളപ്പെടുത്തപ്പെട്ട ജാതിയെ ശരീരത്തിന്റെ ഭൗതികതകൊണ്ടുതന്നെ മറികടക്കാനാണ് ഗുരു ശ്രമിച്ചത്. ആധുനികതയുടെ കേരളീയ സന്ദർഭത്തിൽ ശരീരത്തെ പുനർവിഭാവനം ചെയ്യുന്നതിലൂടെ സാമൂഹ്യപരിവർത്തനത്തിനുള്ള ഉപാധിയായി ശരീരത്തെത്തന്നെ പ്രതിഷ്ഠിക്കുകയായിരുന്നു ഗുരു. അപൂർണ്ണ/ജാതി ശരീരങ്ങളെ പൂർണ്ണ/മനുഷ്യശരീരങ്ങളായി പാകപ്പെടുത്തുന്നതിനുള്ള നിലയ്ക്കാത്ത പരിശ്രമങ്ങളാണ് ഗുരു നടത്തിയത്.

## സഹായ ഗ്രന്ഥങ്ങൾ


1 Turner, Victor–From Ritual to Theatre: The Human Seriousness of Play, Britain, 1982.
2. Lisa Blackman–The Body: The key Concept, Berg Publications, New York, 2008.
3 Foucault, Michael–Archaeology of Knowledge, Routledge Publications, London, 1994.
4 Guru, Gopal–Discrimination and Sanskritisation;Some Theoretical Aspects, Sociologcial Bulletin, 1986.
5 Guru, Gopal and Sarukkai, Sundar–The Cracked Mirror; An Indian Debate on Experience and Theory, Oxford University Press, New York, 2012.

6 Ponty, Merleau–Phenomenology and the Sciences of Man, Northwestern University Press, 1964.
7 അനിൽ, കെ. എം–ജീവൽ ശരീരത്തിന്റെ പരിമളങ്ങൾ, ബോധനം മാസിക, ജനുവരി 2014.
8 നാരായണൻ, എം.വി, ഡോ.– ദൃശ്യകല :കഥകളിയുടെ ശരീര സംസ്കാരം, ഭാഷാപോഷിണി ഡിസംബർ, 2011.